"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസിനു കീഴിലുള്ള പെർഫോമനസ് ആഡിറ്റ് യൂണിറ്റ് 5 ലെ സീനിയർ ക്ലാർക്ക് ശ്രീമതി അനീഷ്യ പുഷ്കിൻ-ന്റെ പിതാവിന്റെ ചികിത്സയ്ക്ക് കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.23/2025/LSGD തീയതി,തിരുവനന്തപുരം, 02-01-2025

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 21.01.2016-ലെ G.O.(P) No.10/2016/H&FWD നമ്പർ ഉത്തരവ്.
3. 15/12/2017-ലെ G.O.(MS) No.184/2017/H&FWD.
4. ശ്രീമതി.അനീഷ്യ പുഷ്കിൻ-ന്റെ 29.06.2020-ലെ അപേക്ഷയും ബില്ലുകളും.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.08.2022-ലെ (എൽ. ഡിസ്) എം.ആർ1-66383/2021/ആ.വ.ഡ നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.08.2020, 30.09.2022 എന്നീ തീയതികളിലെ PAN/10278/2020-F2(DP) നമ്പർ കത്തും 12.10.2023 ലെ LSGD/PD/7103/2023-DEG1 നമ്പർ കത്തും.

<u>ഉത്തരവ്</u>

എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസിനു കീഴിലുള്ള പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് 5 ലെ സീനിയർ ക്ലാർക്ക് ശ്രീമതി.അനീഷ്യ പുഷ്കിൻ ന്റെ പിതാവിന്റെ ചികിത്സയ്ക്ക് കോട്ടയം കാരിത്താസ് ആശുപത്രിൽ ചെലവായ 1,85,636/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ചികിൽസായിനത്തിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമായി റിപ്പോർട്ട് ചെയ്ത 1,12,112/- (ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസിനു കീഴിലുള്ള പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് 5 ലെ സീനിയർ ക്ലാർക്ക് ശ്രീമതി.അനീഷ്യ പുഷ്കിൻ- ന്റെ പിതാവിന്റെ ചികിത്സയ്ക്കായി 09.04.2020 മുതൽ 21.04.2020 വരെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ

അനുവദനീയത അറിയിച്ചിട്ടുള്ള 1,12,112/- രൂപയുടെ 80% ആയ 89,690/- രൂപ (എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ശ്രീമതി.അനീഷ്യ പുഷ്കിൻ, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (No.-EPA3/149/2020/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 09-01-2023 16:01:04